# പതിനാലാം കേരള നിയമസഭ

## പതിനെട്ടാം സമ്മേളനം

### നക്ഷത്രചിഹ്നമിടാത്ത നിയമസഭ ചോദ്യം നം. 394 – 04/02/2020 - ലെ മറുപടിക്ക്

## പൊതുകടത്തിലുണ്ടാകുന്ന വർദ്ധനവ്

**ചോദ്യം** | **ഉത്തരം**

**ശ്രീ.ഷാഫി പറമ്പിൽ**

**ഡോ. ടി. എം. തോമസ് ഐസക്**
**(ധനകാര്യവും കയറും വകുപ്പുമന്ത്രി)**

| | ചോദ്യം | ഉത്തരം |
|---|---|---|
| (എ) | അക്കൗണ്ടന്റ് ജനറലിന്റെ കണക്ക് പ്രകാരം 2016-17, 2017-18, 2018-19, 2019-20 (ഡിസംബർ 31 വരെ) എന്നീ സാമ്പത്തിക വർഷങ്ങളിലെ പൊതുകടം, പൊതുകടത്തിലുണ്ടായ വർദ്ധനവ്, വർദ്ധനവിലുണ്ടായ ശതമാനം എത്രയാണെന്ന് വ്യക്തമാക്കാമോ; | അക്കൗണ്ടന്റ് ജനറലിന്റെ കണക്ക് പ്രകാരം 2012-13 മുതൽ 2019-20 (ഡിസംബർ 31 വരെ) വരെയുള്ള സാമ്പത്തിക വർഷങ്ങളിലെ പൊതുകടം സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു. (തുക കോടിയിൽ) |

| വർഷം | പൊതുകടം | പൊതുകടത്തിലുണ്ടായ വർദ്ധനവ് | പൊതുകടത്തിലുണ്ടായ വർദ്ധനവ് ശതമാനത്തിൽ |
|---|---|---|---|
| 2012-13 | 72250.19 | 10457.10 | 16.92 |
| 2013-14 | 83466.56 | 11216.37 | 15.52 |
| 2014-15 | 96132.96 | 12666.40 | 15.18 |
| 2015-16 | 109730.97 | 13598.01 | 14.15 |
| 2016-17 | 125882.86 | 16151.89 | 14.72 |
| 2017-18 | 142984.53 | 17101.67 | 13.59 |
| 2018-19 * | 157558.88 | 14574.35 | 10.19 |
| 2019-20* (ഡിസംബർ 2019 വരെ) | 171072.72 | 13513.84 | 8.58 |

* അക്കൗണ്ടന്റ് ജനറലിന്റെ താല്ക്കാലിക കണക്ക് പ്രകാരം

| | | |
|---|---|---|
| (ബി) | പൊതുകടത്തിലുണ്ടാകുന്ന വർദ്ധനവ് ആശങ്കാജനകമാണോയെന്ന് വ്യക്തമാക്കാമോ; | ഫിസ്കൽ റെസ്പോൺസിബിലിറ്റി & ബജറ്റ് മാനേജ്മെന്റ് (FRBM) നിയമപ്രകാരം സംസ്ഥാനത്തിന്റെ കടമെടുപ്പുപരിധി |

| | | |
|---|---|---|
| | | GSDP യുടെ 3 ശതമാനമായി നിജപ്പെടുത്തിയിട്ടുണ്ട്. ഇപ്രകാരം, കേന്ദ്ര സർക്കാർ നിശ്ചയിച്ച് നൽകിയിട്ടുള്ള സംസ്ഥാനത്തിന്റെ അനുവദനീയ കടമെടുപ്പ് പരിധിക്കുള്ളിൽ നിന്നു കൊണ്ടാണ് സംസ്ഥാനം കടമെടുക്കുന്നത്. 2016-17 മുതൽ പൊതുകടത്തിന്റെ വളർച്ചാ നിരക്ക് കുറഞ്ഞു വരുന്നതായിട്ടാണ് രേഖപ്പെടുത്തിയിട്ടുള്ളത്. |
| (സി) | പൊതുകടത്തിലുണ്ടാകുന്ന വർദ്ധനവും സർക്കാരിന്റെ ഭാഗത്ത് നിന്നുണ്ടാകുന്ന അധികച്ചെലവും കൂടുതൽ തസ്തിക സൃഷ്ടിക്കലും സാമ്പത്തിക സ്ഥിതി മോശമാകുന്നതിന് കാരണമായിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ; | വികസന, ക്ഷേമ പ്രവർത്തനങ്ങൾക്കുള്ള ചെലവ് കുറയ്ക്കാതെ നികുതി-നികുതിയേതര വരുമാന വളർച്ചയിലൂടെ കമ്മി കുറയ്ക്കുകയെന്നതാണ് സംസ്ഥാനത്തിന്റെ നയം. രാജ്യം നേരിടുന്ന സാമ്പത്തിക പ്രതിസന്ധിയുടെ ഭാഗമായി ഉപഭോഗത്തിലുണ്ടാകുന്ന കുറവ് മൂലം കേന്ദ്രനികുതി വിഹിതത്തിൽ കുറവു വരാനിടയുണ്ട്. ഇതേ തുടർന്ന് കേന്ദ്രസർക്കാർ കോർപ്പറേറ്റ് നികുതി വെട്ടിക്കുറച്ചതുമൂലം കേന്ദ്രനികുതി വിഹിതത്തിൽ കുറവ് വരുന്നതാണ്. ഇത് സംസ്ഥാനത്തിന്റെ വികസന പ്രവർത്തനങ്ങൾക്കുള്ള വിഭവ ലഭ്യതയിൽ കുറവ് വരുത്തും. പദ്ധതി പദ്ധതിയേതര ചെലവുകളിൽ ചില നിയന്ത്രണങ്ങൾ ഏർപ്പെടുത്തി ഇത് ഒരു പരിധിവരെ മറികടക്കാൻ ആകുമെന്നാണ് പ്രതീക്ഷിക്കുന്നത്. |
| (ഡി) | എങ്കിൽ അത് നിയന്ത്രിക്കുന്നതിന് എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ? | റവന്യൂ വരുമാനവും ചെലവും സംതുലിതമാക്കുകയും ധനകമ്മി നിശ്ചിത പരിധിയിൽ നിർത്തി വായ്പാതുക നിക്ഷേപത്തിനായി വിനിയോഗിക്കുക, നികുതി നികുതിയേതര വരുമാനം ഉയർത്തി റവന്യൂ കമ്മി ക്രമേണ ഇല്ലാതാക്കുക എന്നീ സമീപനമാണ് സർക്കാർ സ്വീകരിക്കുന്നത്. കേന്ദ്ര സർക്കാരിന്റെ തെറ്റായ സാമ്പത്തിക നയങ്ങളും ജി.എസ്.റ്റി. അനവധാനതയോടെ നടപ്പിലാക്കിയതും ആലോചനയില്ലാതെ ആഡംബര വസ്തുക്കളുടെ ജി.എസ്.റ്റി. ഗണ്യമായി കുറച്ചതും സംസ്ഥാനത്തിന്റെ നികുതി വരുമാനത്തെ ബാധിച്ചിട്ടുണ്ട്. ജി.എസ്.റ്റി.എൻ - ൽ ഉണ്ടായ |

| | | | |
|---|---|---|---|
| | | | തകരാറുകളും ആയത് സമ്പൂർണ്ണ സജ്ജമാകാത്തതും നികുതി വരുമാനത്തെ ബാധിച്ചു.<br>ഭൂമിയുടെ ന്യായവില യുക്തിസഹമാക്കുക, ഫീസുകളും മറ്റും ക്രമപ്പെടുത്തുക, മോട്ടോർ വാഹന നികുതി, സ്റ്റാമ്പ് ഡ്യൂട്ടി, രജിസ്ട്രേഷൻ ഫീസ്, എന്നിവയിൽ യുക്തിസഹമായ പുതുക്കലുകൾ വരുത്തുക എന്നീ നടപടികളും സംസ്ഥാന നികുതി പിരിവിലെ കാര്യക്ഷമത ഉയർത്തുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്. നിയതമായ വർക്ക് സ്റ്റഡി നടത്തിയതിനു ശേഷം മാത്രമേ നിലവിൽ തസ്തികകൾ സൃഷ്ടിക്കുന്നുള്ളൂ. മറ്റ് അനാവശ്യ ചെലവുകൾ ഒഴിവാക്കണമെന്ന ഉദ്ദേശ ത്തോടെ നിയന്ത്രണങ്ങൾ ഏർപ്പെടുത്തി യിട്ടുണ്ട്. റവന്യൂ കമ്മി ഒഴിവാക്കി മൂലധന ചെലവ് ഗണ്യമായി ഉയർത്തുക എന്ന സമീപനം സ്വീകരിച്ചാണ് സർക്കാർ പ്രവർത്തിക്കുന്നത്. |

**സെക്ഷൻ ഓഫീസർ**